# CAREER Updates

# പത്രവൃത്താന്തം

07.07.2024 (ഞായർ)



- ⇨ 2024 ജൂലൈയിൽ ഇറാന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്
- ✔ **മസൂദ് പെസഷ്കിയാൻ**
- ഇറാന്റെ പരമോന്നത നേതാവായ ആയത്തുല്ല ഖമനയിയുടെ പിന്തുണയോടെ മത്സരിച്ച സഈദ് ജലീലിയെ ആണ് മസൂദ് പെസഷ്കിയാൻ പരാജയപ്പെടുത്തിയത്. പ്രസിഡന്റായിരുന്ന ഇബ്രാഹിം റെയ്സി 2024 മെയിൽ ഹെലികോപ്റ്റർ അപകടത്തിൽ മരണപ്പെട്ടതോടെയാണ് ഇടക്കാല തിരഞ്ഞെടുപ്പ് വേണ്ടിവന്നത്.
- ഇറാൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ അവസാനഘട്ടത്തിൽ മത്സരിച്ച നാല് സ്ഥാനാർത്ഥികളിലെ ഏക മിതവാദിയാണ് ഹൃദ്രോഗ വിദഗ്ദ്ധൻ കൂടിയായ പെസഷ്കിയാൻ.

---

- ⇨ 2024 ജൂലൈയിൽ കേരളത്തിലാദ്യമായി പ്രത്യേക സാങ്കേതികവിദ്യയിലൂടെ ഡ്രോൺ ഉപയോഗിച്ച് നെൽവിത്ത് വിതച്ചത്
- ✔ **കേരള കാർഷിക സർവകലാശാല**
- കേരള കാർഷിക സർവകലാ- ശാലയുടെ മങ്കൊമ്പിലെ ഡോ. എം.എസ്. സ്വാമിനാഥൻ നെല്ല് ഗവേഷണകേന്ദ്രവും കോട്ടയം കൃഷി വിജ്ഞാന കേന്ദ്രവും സംയുക്തമായി ചമ്പക്കുളത്ത് ഒരേക്കർ കൃഷിയിടത്തിലാണ് ഡ്രോൺ ഉപയോഗിച്ച് നെൽവിത്ത് വിതച്ചത്.
- 10 കിലോഗ്രാമിൽ താഴെ വരെ നെൽവിത്ത് നിറയ്ക്കാൻ ശേഷിയുള്ള ടാങ്കാണ് ഡ്രോണിലുള്ളത്.
- ⇨ 2024 ജൂലൈയിൽ കേരള സ്പെയ്സ് പാർക്കുമായി (കെ-സ്പെയ്സ്) പരസ്പര സഹകരണത്തിനുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചത്
- ✔ **വിക്രം സാരാഭായ് സ്പെയ്സ് സെന്റർ, തിരുവനന്തപുരം**
- ⇨ 2024 ജൂലൈയിൽ ബ്രിട്ടണിലെ സാംസ്കാരിക-കായികവകുപ്പ് മന്ത്രിയായി നിയമിക്കപ്പെട്ട ഇന്ത്യൻ വംശജ
- ✔ **ലിസ നന്ദി**
- മന്ത്രിസഭയിലെ ഏക ഇന്ത്യൻ വംശജയാണ് ഇവർ. ആകെ 11 വനിതകളാണ് ബ്രിട്ടണിലെ പുതിയ മന്ത്രിസഭയിലുള്ളത്.
- ⇨ 2024 ജൂലൈയിൽ ഭഗവദ്ഗീതാ പഠനത്തിനായി ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിച്ച സർവകലാശാല
- ✔ **ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി**
- ⇨ 2024 ജൂലൈയിൽ കേന്ദ്ര സർക്കാരിന്റെ പ്രധാന വക്താവായി നിയമിതനായത്
- ✔ **ധീരേന്ദ്ര കെ. ഓജ**
- ⇨ 2024 ജൂലൈയിൽ പഞ്ചാബ്-ഹരിയാന ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസായി നിയമിതനായത്
- ✔ **ഷീൽ നാഗു**
- ⇨ 2024 ജൂലൈയിൽ ബുക്കാറസ്റ്റ് വേദിയായ സൂപ്പർ ബെറ്റ് ചെസ്സ് ക്ലാസിക്കിൽ ജേതാവായത്
- ✔ **ഫാബിയാനോ കരുവാന**

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999